# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 478

11.06.2013 ൽ മറുപടിയ്ക്ക്

## വായ്പാ പലിശയിൽ ഇളവ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത മാരക രോഗം ബാധിച്ചവരുടെയും, വികലാംഗരുടെയും പലിശ സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) തീരുമാനിച്ചിട്ടില്ല. വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പക്കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ട്. വായ്പക്കാരുടെ അനന്തരാവകാശികൾക്ക് ആശ്വാസം നൽകുന്ന 'റിസ്ക് ഫണ്ട് പദ്ധതി' കേരള സഹകരണ വികസന ക്ഷേമനിധി ബോർഡാണ് നടപ്പിലാക്കുന്നത്. 30.03.2012 ലെ സ.ഉ (കൈ) നം. 42/2012/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ ഭേദഗതി വരുത്തുകയും മരണപ്പെട്ടവരുടെ വായ്പകൾക്ക് മാത്രം ലഭ്യമായിരുന്ന ആനുകൂല്യം വായ്പ എടുത്ത ശേഷം ക്യാൻസർ, എയ്ഡ്സ്, പക്ഷാഘാതം വന്ന് ശരീരം തളർന്നവർ, ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നീ മാരക രോഗങ്ങൾ പിടിപെട്ട് വായ്പ ബാധ്യതകൾ തീരാതെ വരുന്ന വായ്പകൾക്ക് കൂടി ലഭ്യമാക്കിയിട്ടുണ്ട്. ടി മാരക രോഗം ബാധിച്ചവരുടെ 75,000/- രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതിയിലെ നിബന്ധനകൾക്ക് വിധേയമായി എഴുതിത്തള്ളുന്നതാണ്. |

(ബി) വരൾച്ച മൂലം കൃഷി നാശം സംഭവിച്ചവർക്ക് കാർഷിക വായ്പയുടെ കാര്യത്തിൽ ഇളവ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് 15.02.2013 ലെ സ.ഉ (കൈ) നം. 57/2013/റവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട കർഷകർ സഹകരണ ബാങ്കുകൾ വഴി എടുത്തിട്ടുള്ള നബാർഡ് കാർഷിക വായ്പയുടെ പലിശ ഇനത്തിൽ 15.03.2013 ൽ കൊടുത്തു തീർക്കുവാൻ അവശേഷിക്കുന്ന കുടിശ്ശിക തുക മുഴുവൻ സർക്കാർ എഴുതിത്തള്ളുന്നതാണെന്നും വായ്പയുടെ മുതൽ അടയ്ക്കുന്നവർക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയ്ക്കായിരിക്കും ഈ പലിശ സൗജന്യം അനുവദിച്ച് നൽകുന്നതെന്നും, ആയത് മൂലം സഹകരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ